LIBRARY ARCHIVES Kerala Legislative Assembly

ശ്രീകല ബി, വിവിധ പരീക്ഷാ വാല്യുവേഷൻ സെന്ററുകളിലെ ക്യാമ്പ് ഓഫീസർമാർ, ഡെപ്യൂട്ടി ക്യാമ്പ് ഓഫീസർമാർ, സ്കോർ സൂപ്പർവൈസർമാർ എന്നിവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിരുന്നു. പരീക്ഷാഭവനിലെ മുൻ പരീക്ഷാ സെക്രട്ടറി ശ്രീ. എം. ഐ. സുകുമാരൻ സേവനത്തിൽനിന്നും വിരമിച്ചതിനാൽ സർക്കാർ തലത്തിൽ അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നു. പരീക്ഷാഭവനിലെ സിസ്റ്റം മാനേജർ ആയിരുന്ന ശ്രീമതി ജെ.പി.ബെനിതയെ ടിയാളുടെ മാതൃസ്ഥാപനമായ ഹയർ സെക്കണ്ടറി വകുപ്പിലേയ്ക്ക് തിരിച്ചയച്ചു. ശിക്ഷാനടപടിയുടെ ഭാഗമായി ടിയാളുടെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടെ താൽക്കാലികമായി തടഞ്ഞുകൊണ്ട് കാരണം കാണിക്കൽ നോട്ടീസ് ടിയാൾക്ക് നൽകി. ശ്രീ. റ്റി. സന്തോഷ് കുമാർ, സൂപ്രണ്ട് ശ്രീമതി ശ്രീകല ബി. എന്നിവർക്കെതിരായ ശിക്ഷാനടപടിയുടെ ഭാഗമായി ഇവരുടെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലപ്രാബല്യത്തോടെ താൽക്കാലികമായി തടഞ്ഞുകൊണ്ട് ഇവർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകി അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു.

(ഡി & ഇ) വിവരം ശേഖരിച്ചുവരുന്നു.

**കോഴിക്കോട് സിവിൽ സർവ്വീസ് അക്കാദമി കെട്ടിട നിർമ്മാണം**

155(843) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സിവിൽ സർവ്വീസ് അക്കാദമി കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിനായി എത്ര രൂപയാണ് വകയിരുത്തി യിരിക്കുന്നതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കോഴിക്കോട് സിവിൽ സർവ്വീസ് അക്കാദമി കെട്ടിടം നിർമ്മിക്കുന്നതിനായി 2-6-2014-ലെ ജി.ഒ.(എം എസ്.)നമ്പർ 228/2014/റവ നമ്പർ സർക്കാർ ഉത്തരവിൻ പ്രകാരം 54 സെന്റ് സ്ഥലം കോഴിക്കോട് ടൗണിൽ പാട്ടത്തിന് അനുവദിച്ചതിൽ നിർമ്മാണ പ്രവൃത്തികൾ തുടങ്ങാൻ കഴിഞ്ഞിട്ടില്ല. എങ്കിലും കോഴിക്കോട് ചുങ്കം ഗവൺമെന്റ് യു.പി. സ്കൂൾ കോമ്പൗണ്ടിൽ പാട്ടത്തിനെടുത്ത കെട്ടിടത്തിൽ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ സബ് സെന്റർ 2014 ഫെബ്രുവരി മുതൽ പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ കെട്ടിട നിർമ്മാണത്തിനായി 56,00,000 (അൻപത്തിയാറ് ലക്ഷം രൂപ) വകയിരുത്തിയിട്ടുണ്ട്.

**വിദ്യാഭ്യാസ അവകാശ നിയമം**

LIBRARY ARCHIVES Kerala Legislative Assembly

156 (844) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ അവകാശ നിയമം നിലവിൽ വന്നതോടെ സ്കൂൾ പഠനം ഉപേക്ഷിച്ചവരുടെ എണ്ണം എപ്രകാരമാണെന്ന് വിശകലനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) കൊഴിഞ്ഞു പോകുന്ന വിദ്യാർത്ഥികളെ കാരണങ്ങൾ കണ്ടെത്തി സ്കൂളിലേക്ക് തിരികെയെത്തിക്കുന്ന എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇത്തരത്തിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ;

(സി) പല സ്വകാര്യ സ്കൂളുകളിലും വിദ്യാഭ്യാസ അവകാശ നിയമം നിലവിലിരിക്കെത്തന്നെ വിദ്യാർത്ഥികളെ തോൽപ്പിക്കാറുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) വിദ്യാഭ്യാസ അവകാശ നിയമം കർശനമായി പാലിക്കപ്പെടുന്നുണ്ടെന്ന കാര്യം ഉറപ്പ് വരുത്തുമോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിശകലനം ചെയ്തിട്ടില്ല.

(ബി) ആദിവാസി/തീരദേശ മേഖലകളിലെ സ്കൂളുകളിൽ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ശ്രദ്ധയിൽപ്പെടുകയും സാമൂഹ്യക്ഷേമ വകുപ്പിന്റെയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും എസ്.എസ്.എ.-യുടെയും സഹകരണത്തോടെ വിദ്യാഭ്യാസ വകുപ്പിന്റെ മേൽനോട്ടത്തിൽ പൊതുവിദ്യാലയങ്ങളിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നതിനും മികച്ച പഠനനിലവാരവും അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വേണ്ട കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) വിദ്യാഭ്യാസ അവകാശനിയമം കർശനമായി പാലിക്കുന്നുണ്ടെന്ന കാര്യം ഉറപ്പുവരുത്തുന്നതിനായുള്ള നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ വിദ്യാഭ്യാസ ഓഫീസർമാർക്ക് നൽകുന്നുണ്ട്.